**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6146** **17-03-2023 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പാക്കിംഗിന് പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ഏതെങ്കിലും ഏജൻസികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമൊരുക്കാമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | പേപ്പർ, ചണം, പാള മറ്റ് പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾക്ക് പ്രകൃതിദത്തമായ പാക്കിങ് നിർമിക്കുന്ന നിരവധി യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ Indian Institute of Packaging ചെന്നൈ, CIPET എറണാകുളം, CTCRI തിരുവനന്തപുരം, CPCRI കാസർഗോഡ് മുതലായ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രകൃതി സൗഹൃദ പാക്കിങ് ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം നടന്ന് വരുന്നുണ്ട്. ഇത്തരം സാങ്കേതിക വിദ്യ സംരംഭകർക്ക് ലഭ്യമാക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് നടത്തി വരുന്നുണ്ട്. പേപ്പർ മുതലായ ഉത്പന്നങ്ങൾ കൊണ്ടുള്ള പാക്കിങ് യന്ത്രങ്ങൾ മെഷീനറി എക്സ്പോ പോലെയുള്ള യന്ത്ര പ്രദർശനങ്ങൾ വഴിയും വ്യവസായികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് ആവശ്യമായ ഹാൻഡ് ഹോൾഡിങ് സഹായം വ്യവസായ വകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ